**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5962** **25-03-2025 - ൽ മറുപടിയ്ക്ക്**

**കശുമാങ്ങയിൽ നിന്നും ഫെനി ഉല്പാദിപ്പിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കശുമാങ്ങയിൽ നിന്ന് ഫെനി ഉല്പാദിപ്പിക്കുന്നത് അടക്കമുള്ള ഏതെല്ലാം നൂതന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | 2025-26 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതി/ഉപ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>• **ഫെനി ഉൽപ്പാദനത്തിന് സഹായം** (പുതിയ ഘടകം): കശുമാങ്ങ ഉപയോഗിച്ച് ഫെനി ഉൽപ്പാദിപ്പിക്കുന്നതിനും, കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ വഴി വിപണനം നടത്തുന്നതിനും സഹകരണ സംഘങ്ങളെ സഹായിക്കുന്ന പദ്ധതിയാണിത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br>• **സഖി പ്രോജക്ടിനുള്ള സഹായം** (പുതിയ ഘടകം) സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും ഉയർന്ന നിലവാരമുള്ള പരിചരണം ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവപരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം നൽകൽ ലക്ഷ്യമിടുന്ന പദ്ധതിയാണ് സഖി. വനിതാസഹകരണ സംഘങ്ങൾക്കും വനിതാഫെഡറേഷനുമുള്ള ധനസഹായ പദ്ധതിയിലാണ് സഖി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>• **ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം** (പുതിയ ഘടകം): കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്' ആക്കാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. നടീൽ വസ്തുക്കളുടെ വിതരണം, പഴവർഗങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കൽ, മൂല്യവർധിത യൂണിറ്റുകളുടെ രൂപീകരണം എന്നിവയാണ് |

| | | | |
|---|---|---|---|
| | | | ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br>• **'അങ്ങാടി കേരള' ആപ്പ് വികസിപ്പിക്കുന്നതിനുള്ള സഹായം** (പുതിയഘടകം) സഹകരണ മേഖലയിലെ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ അങ്ങാടി കേരള ആപ്പ് വികസിപ്പിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഈ സൗകര്യം ഉപഭോക്താവ് നൽകുന്ന തുകയിൽ ഉൽപ്പാദകന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. |
| (ബി) | കർഷകർക്ക് സഹായകരമാകും വിധം ഫെനി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | 2025-26 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഫെനി ഉൽപ്പാദനത്തിനുള്ള സഹായം. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ